## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. -ജീവനക്കാര്യം -ശ്രീ. ഷാജികുമാർ.ജി., ലേ സെക്രട്ടറി ആന്റ് ട്രഷറർ, അച്ചടക്ക നടപടികൾ നിലനിർത്തികൊണ്ട് സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഇ.സി. സെക്ഷനിൽ നിന്നുള്ള കുറിപ്പ് നം. ഇ.സി.4-62633/2017/ആ.വ.ഡ., തീയതി 29/12/2018.

**ഉത്തരവ് നമ്പർ ഇ.ഡി.3-4259/2019/ആ.വ.ഡ.,തീയതി: 17/01/2019.**

തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ ലേ സെക്രട്ടറിയും ട്രഷററുമായ ശ്രീ. ഷാജികുമാർ.ജി. 01/06/2018 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ഈ ഓഫീസിൽ നിന്നും കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ പ്രതിവാദ പത്രിക നൽകുകയും പ്രസ്തുത പ്രതിവാദ പത്രികയിൽ ടിയാൾ അവധി അപേക്ഷ തപാൽ മുഖേന ആശുപത്രി സൂപ്രണ്ടിന് സമർപ്പിച്ചിട്ടുണ്ടായിരുന്നുവെന്നും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ ശിക്ഷണ നടപടി സംബന്ധിച്ച മാന്വൽ 53(6) പ്രകാരം ശ്രീ. ഷാജികുമാർ ജി. യെ പുനഃപ്രവേശിപ്പിക്കണമെന്ന് സൂചന പ്രകാരം ഇ.സി. സെക്ഷൻ ശുപാർശ ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടികൾ നിലനിർത്തികൊണ്ട് ശ്രീ. ഷാജി കുമാർ.ജി. യെ, താലൂക്ക് ആശുപത്രി ചിറയിൻകീഴ്, തിരുവനന്തപുരത്തെ ലേ സെക്രട്ടറി ആന്റ് ട്രഷററുടെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

2019 ലെ സീനിയർ സൂപ്രണ്ട്/ ലേ സെക്രട്ടറി പൊതു സ്ഥലംമാറ്റം നടത്തുന്ന വേളയിൽ, ആവശ്യമെങ്കിൽ മേലുത്തരവ് പുനർപരിശോധിക്കുന്നതായിരിക്കും.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ജോലിയിൽ പ്രവേശിക്കുന്നതിന് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ടിയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. സരിത. ആർ. എൽ.
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:
ശ്രീ. ഷാജികുമാർ. ജി, ലേ സെക്രട്ടറി ആന്റ് ട്രഷറർ.

പകർപ്പ്-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം.
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ചിറയിൻകീഴ്, തിരുവനന്തപുരം.
4. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ ഓഫീസർ, കേരള, തിരുവനന്തപുരം.
6. സീനിയർ സൂപ്രണ്ട്, ഇ.സി. സെക്ഷൻ.
7. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്